**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാടായി ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.യിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തുടങ്ങാൻ കഴിയുന്ന ട്രേഡുകൾ ഏതൊക്കെയാണ്; അതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ മാടായി ഐടി.ഐ.യിൽ നിലവിലുള്ള 3 ട്രേഡുകൾക്കു പുറമേ 5 ട്രേഡുകൾ കൂടി ആരംഭിക്കാൻ 2021-22 സാമ്പത്തിക വർഷം ശിപാർശ ലഭ്യമായിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന പ്രൊപ്പോസൽ പരിഗണിക്കാൻ സാധ്യമല്ലെന്നും നിലവിലുള്ള 3 ട്രേഡുകളെ കൂടാതെ ഒരു ട്രേഡും; ആയതിനാവശ്യമായ തസ്തികകളും ഉൾപ്പെടുത്തി പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കാൻ നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക് മോട്ടോർവെഹിക്കിൾ ട്രേഡ് ആരംഭിക്കാനായി 2022-23 വർഷം ശിപാർശ ലഭ്യമായിരുന്നുവെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മേൽ പറഞ്ഞ ട്രേഡ് അനുവദിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ